# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5293 27.07.2015 -ൽ മറുപടിക്ക്**

**പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് യഥാസമയം നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പാലങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ പ്രവൃത്തി പൂർത്തിയായാലും നീക്കാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാകുന്ന ശോഷണവും പാരിസ്ഥിതിക പ്രശ്നവും കണക്കിലെടുത്ത് യഥാസമയം നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് താൽക്കാലിക ബണ്ട് നിർമ്മാണത്തിന് പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് പാലം പണി പൂർത്തിയാകുന്നതോടെ കരാറുകാരൻ തന്നെ നീക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചാട്ടൂൽ-ചുങ്കം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുഴയിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) പൊതുമരാമത്ത് വകുപ്പ്, കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ചാട്ടൂൽ ചുങ്കം എന്ന പേരിൽ പാലം നിർമ്മിച്ചിട്ടില്ല. |

Sd/-

സെക്ഷൻ ഓഫീസർ